# പതിമൂന്നാം കേരള നിയമസഭ
# പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1314 01.07.2015 -ൽ മറുപടിക്ക്**

**ദേശീയപാത വികസനത്തിന് കേന്ദ്രസഹായം**

**ചോദ്യം**

**ശ്രീ.കെ.അച്ചുതൻ**
**,, ജോസഫ് വാഴയ്ക്കൻ**
**,, തേറമ്പിൽ രാമകൃഷ്ണൻ**
**,, സണ്ണി ജോസഫ്**

(എ) ദേശീയപാത വികസനത്തിന് കേന്ദ്രസർക്കാർ സഹായം വാഗ്ദാനം ചെയ്തിട്ടുണ്ടോയെന്ന് വിശദമാക്കുമോ ;

(ബി) എന്തെല്ലാം സഹായങ്ങളാണ് ഇതിനായി കേന്ദ്രം നൽകുന്നതെന്ന് വിശദമാക്കുമോ ;

(സി) ഇവയുടെ പണികൾ തുടങ്ങുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ?

**ഉത്തരം**

**ശ്രീ. വി.കെ.ഇബ്രാഹിം കുഞ്ഞ്**
**(പൊതുമരാമത്ത് വകുപ്പുമന്ത്രി)**

(എ) & (ബി) & (സി) സംസ്ഥാനത്തെ ദേശീയപാതകളുടെ സമഗ്രമായ വികസനം ദേശീയപാതാ വികസന പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇത് നടപ്പിലാക്കുവാൻ ദേശീയ പാതാ വികസന അതോറിറ്റിയെ ഏൽപിച്ചിരുന്നു. ഇതിൻ പ്രകാരം എൻ.എച്ച് 17 ഉം 47 ഉം എൻ.എച്ച്.ഡി.പി (ദേശീയ പാതാ വികസന പദ്ധതി) ഘട്ടം 2 ലും 3 ലും പെടുത്തി സർവ്വീസ് റോഡോടു കൂടിയ 4 വരിപ്പാതയായി വികസിപ്പിക്കുവാനാണ് ഉദ്ദേശിക്കുന്നത്. മറ്റു ദേശീയ പാതകൾ പേവ്ഡ് ഷോൾഡറോടു കൂടിയ 2 വരിപ്പാതയുമായാണ് വികസിപ്പിക്കുവാൻ ഉദ്ദേശിക്കുന്നത്. എന്നാൽ ഭൂമി ഏറ്റെടുക്കലിലെ കാലതാമസം കാരണം ദേശീയ പാതാ വികസന അതോറിറ്റി തലപ്പാടി മുതൽ ഇടപ്പള്ളി വരെയും ചേർത്തല മുതൽ കഴക്കൂട്ടം വരെയുമുള്ള ഭാഗങ്ങളിൽ നിന്നും പിൻമാറിയിരിക്കുകയാണ്. പ്രസ്തുത ഭാഗങ്ങൾ വീണ്ടും ഏറ്റെടുക്കുവാൻ

കേന്ദ്ര ഗവൺമെന്റിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. എൻ.എച്ച് 17 ഉം എൻ.എച്ച് 47 ഉം ഒഴികെയുള്ള ദേശീയപാതകളുടെ വികസനം സംസ്ഥാന സർക്കാർ വഴി കേന്ദ്രത്തിന്റെ വാർഷിക പദ്ധതിയിൽ ഘട്ടം ഘട്ടമായി നടപ്പിലാക്കാമെന്ന് കേന്ദ്രം സമ്മതിച്ചിട്ടുണ്ട്. ഇതിൻ പ്രകാരം എൻ.എച്ച് 208 ന്റെ 47.5 കി.മീ, എൻ.എച്ച് 49 ന്റെ 42.28 കി.മീ എൻ.എച്ച് 220 ന്റെ 30.3 കി.മീ എൻ.എച്ച്.213 എന്നിവയെ ഈ വർഷത്തെ കേന്ദ്ര പദ്ധതിയിൽ ഉൾപ്പെടുത്താനായി എസ്റ്റിമേറ്റുകൾ കേന്ദ്ര സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്. ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭിക്കുമെന്നാണ് പ്രതീക്ഷ. മേൽപ്പറഞ്ഞവയ്ക്കു പുറമേ കോതമംഗലം ബൈപ്പാസ്, തൃപ്പൂണിത്തുറ ബൈപ്പാസ്, മൂവാറ്റുപുഴ ബൈപ്പാസ്, മണാർക്കാട് ബൈപ്പാസ് എന്നിവയും 9 പാലങ്ങളുടെ പുനർനിർമ്മാണവും 6 പാലങ്ങളുടെ നവീകരണവുമുൾപ്പെടെ 2365 കോടിയുടെ പദ്ധതികൾ കേന്ദ്രത്തിനു സമർപ്പിച്ചിട്ടുണ്ട്. കൂടാതെ റോഡുകളുടെ ഉപരിതലം മെച്ചപ്പെടുത്തുന്നതിന് നോൺ പ്ലാനിൽ 30 കോടിയുടെ പദ്ധതിയും സമർപ്പിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ